


# 66 കോടി രൂപ പ്ലാൻ ഫണ്ടിലും 60 കോടി രൂപ എൻ.ആർ.എൽ.എം-ലും ലഭ്യം; ഇനി ശക്തമായ പദ്ധതി നിർവ്വഹണത്തിലേ

കുടുംബശ്രീയുടെ വാർഷിക പദ്ധതി തയാറായതിനെക്കുറിച്ചും ഇതിന്റെ വിശദാംശങ്ങൾ കുടുംബശ്രീ വെബ്സൈറ്റിലെ https://www.kudumbashree.org/pages/1000 എന്ന ലിങ്കിൽ നൽകിയിട്ടുള്ളതിനെക്കുറിച്ചും Making An Impact 499ൽ എഴുതിയിരുന്നുവല്ലോ. കുടുംബശ്രീയുടെ വാർഷിക പദ്ധതിയിലെ സംസ്ഥാന വിഹിതമായ 200 കോടി രൂപയിൽ ആദ്യ ഗഡുവായി, ഇതിന്റെ മൂന്നിലൊന്ന് തുകയായ 66 കോടി രൂപയും ദേശീയ ഗ്രാമീണ ഉപജീവന ദൗത്യത്തിന്റെ (നാഷണൽ റൂറൽ ലൈവ്‌ലിഹുഡ് മിഷൻ- എൻ.ആർ.എൽ.എം)ന്റെ ആകെ പദ്ധതിവിഹിതമായ 243.63 കോടി രൂപയിലെ ആദ്യ ഗഡുവായി 60 കോടി രൂപയും ഇപ്പോൾ ലഭ്യമായിരിക്കുന്നുവെന്ന് ഏവരേയും സന്തോഷത്തോടെ അറിയിക്കട്ടെ. ഈ രൂപ വിവിധ ജില്ലകളിലെ പ്രവർത്തനങ്ങൾക്കായി ഉടൻ തന്നെ ജില്ലകൾക്ക് അനുവദിച്ച് നൽകുകയും ചെയ്യും.

1500 കോടി രൂപയിലേറെയാണ് കുടുംബശ്രീയുടെ ഈ വർഷത്തെ ആകെ ബജറ്റ്. സംസ്ഥാന പ്ലാൻ ഫണ്ട് വിഹിതവും കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ആകെ വിഹിതവുമെല്ലാം (60:40 എന്ന നിരക്കിൽ കേന്ദ്ര - സംസ്ഥാന വിഹിതം) ഉൾപ്പെടെയാണിത്. ഇതിൽ സംസ്ഥാന വിഹിതമായ 200 കോടി രൂപയിൽ 66 കോടി രൂപയും എൻ.ആർ.എൽ.എം-ൽ അംഗീകാരം ലഭിച്ച 243.63 കോടി രൂപയിൽ 60 കോടി രൂപയുമാണ് (36 കോടി രൂപ കേന്ദ്ര

വിഹിതവും 24 കോടി രൂപ സംസ്ഥാന വിഹിതവും) ആദ്യ ഗഡുവായി ഇപ്പോൾ ലഭ്യമായിട്ടുള്ളത്. എൻ.ആർ.എൽ.എം ന്റെ ഭാഗമായി ആവിഷ്ക്കരിച്ച പദ്ധതികളുടെ നിർവ്വഹണവും ഉടൻ തന്നെ തുടങ്ങുകയാണ്. മറ്റ് വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി കേന്ദ്ര- സംസ്ഥാന വിഹിതങ്ങൾ ചേർത്തുള്ള തുകയും ഉടൻ തന്നെ ലഭ്യമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ഇവ കൂടാതെ 2021-22ലെ പുതുക്കിയ ബജറ്റ് അനുസരിച്ച് ജീവനോപാധികൾ നഷ്ടപ്പെട്ടവർക്ക് പുതിയ ജീവനോപാധികൾ കണ്ടെത്താൻ ആവശ്യമായ പരിശീലനം നൽകുന്നതിനും സംരംഭങ്ങൾക്ക് സബ്സിഡി നൽകുന്നതിനുമായി നിലവിലുള്ള പ്രത്യേക ഉപജീവന പാക്കേജിന്റെ വിഹിതം കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ 100 കോടി രൂപയായും വർദ്ധിപ്പിച്ചിരുന്നു. ഇതിനുള്ള പ്രോജക്ടുകൾ തയാറാക്കി, അംഗീകാരത്തിനായി പ്ലാനിങ് ബോർഡിനും സർക്കാരിനും സമർപ്പിച്ചിട്ടുണ്ട്. അതിൽ സർക്കാർ ഉത്തരവ് ലഭിക്കുന്ന മുറയ്ക്ക് ഈ പ്രോജക്ടുകൾ കൂടെ ഉടൻ ആരംഭിക്കാൻ കഴിയും.

കുടുംബശ്രീ പദ്ധതി തുക വിനിയോഗത്തിന്റെ വിശദാംശങ്ങൾ https://www.kudumbashree.org/pages/173 എന്ന ലിങ്കിൽ ലഭ്യമാണ്. കോവിഡ് -19 രണ്ടാം തരംഗത്തിന്റെ ഭാഗമായി ഏർപ്പെടുത്തിയ ലോക്ഡൗണിനും ഇപ്പോൾ ഇളവുകൾ നൽകിത്തുടങ്ങിയിരിക്കുകയാണ്. ഇതിനൊപ്പം വിവിധ പദ്ധതി വിഹിതങ്ങളും ലഭ്യമായിത്തുടങ്ങിയിരിക്കുന്നതിനാൽ പദ്ധതി നിർവ്വഹണം ശക്തിപ്പെടുത്താൻ കുടുംബശ്രീ ടീം അംഗങ്ങൾ ഒത്തൊരുമിച്ച് പരിശ്രമിക്കുമെന്ന് പ്രതീക്ഷിക്കട്ടെ.